# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.2/1292/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 19/11/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.2/1292/22 തീയ്യതി: 19/11/2022

## കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-07-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 19-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ ,ഓഡിറ്റ് ഓഫീസർ HG
ശ്രീ.ഷിജു.എ,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി.വനജ മാടത്താൻകണ്ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സബിത.ടി, ഓഡിറ്റർ
ശ്രീമതി.രമ്യ.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സഹീദ് കായിക്കാരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശിവദാസൻ.കെ | സെക്രട്ടറി | 01-04-2021 | 09-04-2021 |
| ശ്രീ.ഷംസുദ്ദീൻ.കെ.ബി | സെക്രട്ടറി | 10-04-2021 | 15-04-2021 |
| ശ്രീ.ശിവദാസൻ.കെ | സെക്രട്ടറി | 16-04-2021 | 06-06-2021 |
| ശ്രീ.ഷംസുദ്ദീൻ.കെ.ബി | സെക്രട്ടറി | 07-06-2021 | 31-10-2021 |
| ശ്രീ.ഫാറൂഖ്.എം.കെ | സെക്രട്ടറി | 01-11-2021 | 24-11-2021 |
| ശ്രീ,റാഷിദ്.കെടി | സെക്രട്ടറി | 25-11-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ്കുമാർ .ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽകുമാർ.പി | വി.ഇ.ഒ (മാടായി) | 01-04-2021 | 04-07-2021 |
| ശ്രീമതി.ജീജ.സി.കെ. | വി.ഇ.ഒ (മാടായി) | 05-07-2021 | 31-03-2022 |
| ശ്രീമതി. ബീന.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.സമീർ.പി,കെ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.സുജയ് .പി വി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ബാബു.കെ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.ശിവദാസൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 21-10-2021 |
| ശ്രീ.ഫാറൂഖ് .എം.കെ | ജൂനിയർ സൂപ്രണ്ട് | 22-10-2021 | 31-12-2021 |
| ശ്രീ.ശിവദാസൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2022 | 31-03-2022 |
| ശ്രീമതി അശ്വതി ചെമഞ്ചേരി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലയ ജയറാം | വി.ഇ.ഒ. (പുതിയങ്ങാടി) | 01-04-2021 | 04-07-2021 |
| ശ്രീമതി ഷീജ കെ.വി. | വി.ഇ.ഒ. (പുതിയങ്ങാടി) | 05-07-2021 | 31-03-2022 |
| ഡോ. സുബി മോൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 04-11-2021 |
| ഡോ. രശ്മി എൻ.ഇ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-11-2021 | 31-03-2022 |
| ശ്രീമതി മിനി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 01-08-2021 |

| | | | |
|---|---|---|---|
| നാരായണൻ | | | |
| ശ്രീ.അബ്ദുള്ള കെ.പി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-08-2021 | 31-03-2022 |
| ശ്രീ. ജോസ് ജയകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyma Kumari S.L (Audit Officer, On 10-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shyma Kumari S.L (Audit Officer, On 10-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-2-1 |
| 4 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് - പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 03-11-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-5 |
| 8 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MGNREGS)<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-6 |
| 9 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-8 |
| 11 | ഗ്രാമ സഭ<br>Written By: Shyma Kumari S.L (Audit Officer, On 10-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-9 |
| 12 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 10-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-10 |
| 13 | വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Sabitha.K (Auditor, On 03-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-11 |
| 14 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Sabitha.K (Auditor, On 03-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-12 |
| 15 | ട്രേഡേഴ്സ് ലിസ്റ്റും, ലൈസൻസ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sabitha.K (Auditor, On 03-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-13 |
| 16 | ലേല തുകയിൽ ഇളവ് വരുത്തിയത് -സർക്കാർ അനുമതിയില്ലാതെ | 1-14 |

| | | |
|---|---|---|
| | Written By: Sabitha.K (Auditor, On 04-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | |
| 17 | ലേലം വരവ് സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്<br>Written By: Sabitha.K (Auditor, On 03-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-15 |
| 18 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Shyma Kumari S.L (Audit Officer, On 10-09-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-16 |
| 19 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 11-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-17 |
| 20 | പ്രൊജക്റ്റിലെ നിർദേശം പാലിച്ചിട്ടില്ല.മെഡിക്കൽ ഉപകരണങ്ങൾ (ടെണ്ടർ കൂടാതെ)SIDCO യിൽ നിന്നും വാങ്ങി.തുക 99613 രൂപ തടസപ്പെടുത്തുന്നു.<br>Written By: Shyma Kumari S.L (Audit Officer, On 11-09-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-18 |
| 21 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ-അപാകതകൾ<br>Written By: Shyma Kumari S.L (Audit Officer, On 11-09-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 1-19 |
| 22 | പ്രാഥമിക ആരോഗ്യകേന്ദ്രം മരുന്ന് വാങ്ങൽ -അപാകതകൾ<br>Written By: Shyma Kumari S.L (Audit Officer, On 11-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-20 |
| 23 | കന്നുകുട്ടിപരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 11-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-21 |
| 24 | നെൽകൃഷിക്ക് വിത്തും കൂലിചെലവും-ഗുണഭോക്തൃ ലിസ്ററിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം വിതരണം<br>Written By: Shyma Kumari S.L (Audit Officer, On 11-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-22 |
| 25 | തുക നല്കി,ആറുമാസത്തിലധികം കഴിഞ്ഞിട്ടും ലേസർ പ്രിന്റർ ലഭ്യമായിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 11-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-23 |
| 26 | മുൻകൂർ ഇനത്തിൽ ADSന് നൽകിയ തുക ക്രമീകരിക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 11-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-24 |
| 27 | അമൃതം ന്യൂട്രിമിക്സ്- ഗുണനിലവാര പരിശോധന നടത്തേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-25 |
| 28 | വിവിധ കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനു വേണ്ടി കുഴിച്ച പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനം -നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 10-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-26 |
| 29 | ക്ഷാമബത്ത കുടിശ്ശിക – രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹ 322971 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-27 |

| | | |
|---|---|---|
| 30 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-28 |
| 31 | ബഡ്സ് സ്കൂൾ ബിൽഡിംഗ് നിർമ്മാണം -ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരിച്ചടച്ചിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-29 |
| 32 | പുതിയങ്ങാടി ബസ് സ്റ്റാന്റ്- പ്രവൃത്തി തുടങ്ങി 19 വർഷങ്ങൾ കഴിഞ്ഞിട്ടും തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-30 |
| 33 | ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-31 |
| 34 | പൊതു ടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങളും പൊതു ടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-32 |
| 35 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-33 |
| 36 | ഐ എ വൈ ഗുണഭോക്താവിനെ MIS ൽ നിന്ന് ഒഴിവാക്കുന്നതിനും റവന്യൂ റിക്കവറി നടത്തുന്നതി നുമുള്ള തീരുമാനം -നിജസ്ഥിതി അറിയിക്കേണ്ടതാണ്<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-34 |
| 37 | എസ്.എസ്.എ. വിഹിതം നൽകിയത്- ആനുവൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 550000 രൂപ തടസപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-35 |
| 38 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകൾ ലഭ്യമാക്കിയില്ല. ₹ 400000 തടസ്സപ്പെടുത്തുന്നു,<br>Written By: Vanaja Madathankandi (Senior Grade Auditor, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 1-36 |
| 39 | ടെണ്ടർ ഫീസ് തുക പഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shiju A (Asst. Audit Officer, On 13-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 12-09-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-11-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 12-09-2022) | 4-9 |
| 10 | ഒഡിറ്റ് പ്രത്യവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Shyma Kumari S.L (Audit Officer, On 12-09-2022)<br>Last Updated By: Rajilan M.C (Deputy Director, On 19-11-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മാടായി ഗ്രാമപഞ്ചായത്തിന്റെ 2021 -22 സാമ്പത്തിക വർഷത്തെ ബജറ്റ് 20/2/2021 ലെ ഭരണസമിതിയുടെ 57/21 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ബജറ്റ് ചുവടെ കൊടുക്കുന്നു.

| | ബജറ്റ് തുക | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 3199797 | 8952501 |
| വരവ് | 352608424 | 313870184 |
| ആകെ വരവ് | 355808221 | 322822685 |
| ചെലവ് | 351088424 | 321224094 |
| നീക്കിയിരിപ്പ് | 4769797 | 1598591 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2022 | 17/5/22 | തിരിച്ചയച്ചിട്ടില്ല |

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക 13/5/2022 ലെ ഭരണസമിതി തീരുമാനം നമ്പർ 01/108/2022 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2), 62(f) എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തി യിട്ടില്ല.

4. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Building Regularisation Fee യിനത്തിലുള്ള ₹297200 വരവിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ വസ്തുവകകളുടെ ലേലവുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം ചേരിക്കണ്ടി മഞ്ഞ ലേലം - ഡിമാന്റ് ₹152000, കളക്ഷൻ ₹23200, ബാലൻസ് ₹ 128800. എന്നാൽ കുടിശ്ശിക തുക ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

6. ബി-18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ ഇനത്തിൽ രേഖപ്പെടുത്തിയ ₹594357 യിൽ (Code 460500501) 31-3-2016 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ ശേഷിക്കുന്നുണ്ട്.

7. Code 460500399, Advance To Other Authorised Agencies – എന്ന ഹെഡിൽ പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങിയപ്പോൾ IGST അക്കൗണ്ടിൽ തെറ്റായി ഒടുക്കിയ ₹ 23071 (CGST₹ 6837 + SGST ₹6837 + 2017-18 GST TDS ₹ 9398) നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല.

8. B-9 ഷെഡ്യൂൾ - Other Liabilities – Code 350410999 – Advance Collection Of Revenues -Other Revenues -ലൈബ്രറി സെസ്സ് ഇനത്തിൽ ₹ 99 നീക്കിയിരിപ്പുണ്ട്. ഇത് ഏത് വർഷം കളക്ട് ചെയ്തതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

ആയത് നാളിതുവരെയായി ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല.

9. സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ബാക്കിയായ തുകകൾ തിരിച്ചടച്ചിട്ടില്ല (B-4 ഷെഡ്യൂൾ).
10. വികസന ഫണ്ട്, ജനറൽ – വാർഷിക ധനകാര്യ പത്രിക I-6 ലെ തുകയും (₹ 20995629) സുലേഖ പത്രിക പ്രകാരമുള്ള ചെലവുതുകയും (₹ 22353429) പൊരുത്തപ്പെടുന്നില്ല.
11. സാക്ഷരത – മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രിയകിൽ ഉൾപ്പെടുത്തിയിട്ടില്ല.
12. MGNREGS -ആസ്തി (B-17 – ₹4661), ബാധ്യതകൾ (B-4 – ₹ 3861) പൊരുത്തപ്പെടുന്നില്ല.

അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-2-2 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് - പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഇ-പേയ്മെന്റ് കറന്റ് അക്കൗണ്ടാണ്. എസ് ബി ഐ ഇ-പേയ്മെന്റ് അക്കൗണ്ടിൽ (Code 450210102) 31-3-22 ന് ₹769678 യും 30-6-22 ന് ₹1046355.98 യും നീക്കിയിരിപ്പുണ്ട്. വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എസ് ബി ഐ ഓൺലൈൻ പേയ്മെന്റ് അക്കൗണ്ടിൽ ട്രാൻസാക്ഷൻ നടത്തുന്നതിനാണ് തുക മാറ്റാതിരുന്നതെന്നും അക്കൗണ്ട് തുടങ്ങിയതിനു ശേഷം വലിയ തുകകൾ അക്കൗണ്ടിൽ വരാറില്ലെന്നും വസ്തുനികുതി ഓൺലൈനായി അടക്കുന്നതിന് വ്യാപകമായി പ്രചരണം നടത്തിയതിന് ശേഷമാണ് വലിയ തുക അക്കൗണ്ടിൽ വന്നതെന്നും നിശ്ചിത തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/29-08-22) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയതിനാൽ പലിശയിനത്തിൽ ലഭിക്കേണ്ട വലിയ വരുമാനം ഗ്രാമ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഈ രീതിയിൽ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയ ഗ്രാമപഞ്ചായത്ത് തനത് വരുമാനം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ഇക്കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി വരുമാന നഷ്ടമുണ്ടായത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 12171516.61 |
| വരവ് തുക | 94105094 |
| ആകെ | 106276610.61 |
| ചെലവ് തുക | 80671605 |
| നീക്കിയിരിപ്പ് | 25605005.61 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1372584 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 25776200 | 25776200 | 22353429 | 3422771 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5367000 | 5367000 | 5367000 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1026840 | 1026840 | 1026840 | 0 |
| സി എഫ് സി പെർഫോമൻസ് ഗ്രാന്റ് | 0 | 1775931 | 1775931 | 1775931 | 0 |
| സി എഫ് സി ടൈഡ് ഗ്രാന്റ് | 0 | 7218000 | 7218000 | 665812 | 6552188 |
| സി എഫ് സി അൺ-ടൈഡ് ഗ്രാന്റ് | 0 | 4905061 | 4905061 | 4010420 | 894641 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6684000 | 6684000 | 5047498 | 1636502 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6845814 | 6845814 | 3278878 | 3566936 |
| സാക്ഷരത | 5132 | 123 | 5255 | 0 | 5255 |
| ദുരിതാശ്വാസനിധി | 4064 | 19781 | 23845 | 0 | 23845 |
| കേന്ദ്ര ഫണ്ട് | | | | | |
| MGNREGS | 13233 | 20020474 | 20033707 | 20029846 | 3861 |
| പൂരക പോഷകാഹാരം | 1961 | 1478875 | 1480836 | 1471297 | 9539 |
| ടോയ്‌ലറ്റ് നിർമ്മാണം എയ്ഡഡ് സ്കൂൾ | 164907 | 0 | 164907 | 164907 | 0 |
| വാർഡ് തല ശുചിത്വ ഫണ്ട് | 200000 | 200000 | 400000 | 400000 | 0 |
| ശുചിത്വമിഷൻ പെർഫോമൻസ് ഫണ്ട് | 1712829 | 0 | 1712829 | 1712829 | 0 |
| ഒ ഡി എഫ് | 118800 | 0 | 118800 | 0 | 118800 |
| സംസ്ഥാന ഫണ്ട് | | | | | |
| വിമുക്തി | 12900 | 0 | 12900 | 0 | 12900 |
| ബഡ്സ് സ്കൂൾ | 200000 | 0 | 200000 | 0 | 200000 |
| പഞ്ചായത്ത് ഇലക്ഷൻ | 16500 | 0 | 16500 | 0 | 16500 |
| അംഗൻവാടികൾക്ക് നെയിം ബോർഡ് | 42000 | 0 | 42000 | 41300 | 700 |

പദ്ധതിയേതര ഗ്രാന്റ് വിനിയോഗ പത്രിക ഐ.കെ.എം. തയ്യാറാക്കിയത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗ വിവരങ്ങൾ പരിശോധന നടത്തി ബോധ്യപ്പെട്ടതിനു വിധേയമായി അനുബന്ധം-2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 157 | 94074371 | 126 | 61097269 | 24 | 30 | 101 | 64 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ | നടപ്പാ | പദ്ധതി അടങ്കൽ | പദ്ധതി | ചെലവ് |
|---|---|---|---|---|---|

| | എണ്ണം | ക്കിയത് | | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 5308237 | 5308000 | 99.9 |
| വെറ്റിനറി സർജൻ | 4 | 4 | 2170000 | 2170000 | 100 |
| മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 7 | 6 | 4821900 | 3372152 | 69.9 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 250000 | 249097 | 99.6 |
| എസ്.ഐ. ഫിഷറീസ് | 4 | 4 | 906126 | 615004 | 67.87 |
| വിഇഒ പുതിയങ്ങാടി | 5 | 5 | 3850762 | 2886656 | 74.96 |
| വിഇഒ മാടായി | 8 | 6 | 11476000 | 7826980 | 68 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 9587328 | 8541470 | 89 |
| സെക്രട്ടറി | 31 | 25 | 9980881 | 8409953 | 84 |
| ഹെഡ്മാസ്റ്റർ | 7 | 6 | 1813630 | 1411526 | 77.8 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 980000 | 705956 | 72 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 5107112 | 4042548 | 79 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 41 | 37822395 | 15557927 | 41 |
| ആകെ | 157 | 126 | 94074371 | 61097269 | 64.9 |

ആകെ പദ്ധതി ചെലവ് 64.9% മാത്രമാണ്. വെററിനറി സർജൻ 100% തുക ചെലവഴിച്ചിട്ടുണ്ട്.തെരുവ് നായകളുടെ പ്രത്യുത്പാദനം നിയന്ത്രിക്കുന്ന എ ബി സി സംബന്ധിച്ച പ്രൊജക്റ്റ് തയ്യാറാക്കുകയോ നിർവഹണം നടത്തുകയോ ചെയ്തിട്ടില്ല.

2021-22 സാമ്പത്തികവർഷത്തിൽ 23 സ്പിൽ ഓവർ പ്രൊജക്ടുകളും 134 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ ആകെ 157 പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ 126 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക ചെലവഴിച്ചിരിക്കുന്നത്.വിവിധ പദ്ധതികൾക്കായി 94074371 രൂപ വകയിരുത്തിയതിൽ 61097269 രൂപ മാത്രമാണ്ചെലവഴിച്ചത്.വികസന ഫണ്ട്,മെയിന്റനൻസ് ഫണ്ട് ഇനങ്ങളിലെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 25776200 | 22353429 | 3422771 | 87 |
| എസ്.സി.പി. | 5367000 | 5367000 | 0 | 100 |
| ടി.എസ്.പി | 0 | 0 | 0 | |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 6684000 | 5047498 | 1636502 | 75.5 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 6845814 | 3278878 | 3566936 | 48 |
| ആകെ | 44673014 | 36046805 | 8626209 | 80 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 8626209 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്(സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). ആകെ അംഗീകരിച്ച 62 പ്രൊജക്ടുകളിൽ 41 എണ്ണം മാത്രമാണ് അസി.എഞ്ചിനീയർ നിർവഹണം നടത്തിയിട്ടുള്ളത്. അസി.എഞ്ചിനീയറുടെ ആകെ ചെലവ് ശതമാനം 41% മാത്രമാണ്.പഞ്ചായത്തിന്റെ സർവതോന്മുഖമായ വികസനത്തിന് ഉതകുമാറാകുന്ന 86 ലക്ഷത്തിലധികം രൂപയുടെ ഫണ്ട് ആണ് പാഴായിപോയിരിക്കുന്നത്. ആയതിനാൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും മോണിറ്ററിംഗ് യഥാവിധി നടത്തുന്നുണ്ടെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി

വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MGNREGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13233 | 967776 | 981009 | 977148 | 3861 |
| ഗുണഭോക്താക്കൾക്ക് നൽകിയത് | 0 | 19052698 | 19052698 | 19052698 | 0 |
| ആകെ | 13233 | 20020474 | 20033707 | 20029846 | 3861 |

## 1-7 സമൂഹ്യ ക്ഷേമ പെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 449200 | 397 |
| തൊഴിൽ രഹിതവേതനം | 14280 | 7 |
| വിധവാപെൻഷൻ | 20179100 | 15553 |
| വാർദ്ധക്യകാല പെൻഷൻ | 41070200 | 33408 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 7731600 | 4937 |
| അവിവാഹിത പെൻഷൻ | 1234400 | 945 |
| വിവാഹ ധനസഹായം | 390000 | 13 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/8/2022തീയ്യതിയിൽ 3.00 Pm സമയത്ത് പഞ്ചായത്ത്സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹43255-യുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഗ്രാമ സഭ

മാടായി ഗ്രാമ പഞ്ചായത്തിൽ ആകെ 20 വാർഡുകൾ ഉണ്ട്. 2021-22 വർഷത്തെ ഗ്രാമ സഭ മിനുട്സ് പരിശോധിച്ചതിൽ, വർഷത്തിൽ ഒരു തവണമാത്രമേ ഗ്രാമ സഭ ചേർന്നിട്ടുള്ളൂ എന്നു കാണുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3-3 പ്രകാരമുള്ള മൂന്നു മാസത്തിലൊരിക്കൽ ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടില്ല. കോവിഡ് വ്യാപനത്തിന്റെ പ്രത്യേക സാഹചര്യത്തിലാണ് ഗ്രാമസഭ ചേരാൻ സാധിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. 2022 ജനുവരി മാസത്തിൽ ആണ് ഗ്രാമ സഭ ചേർന്നത്. പ്രസ്തുത ഗ്രാമസഭകളിൽ വച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതായും പുതിയനിർദേശങ്ങൾ ഗ്രാമസഭയിൽ ഉയർന്നുവരുന്നതായും ബോധ്യപ്പെട്ടു. മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരണമെന്ന ചട്ടം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

മാടായി ഗ്രാമപഞ്ചായത്തിൽ 2021-22 ൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേർന്നിട്ടില്ല.2021 ഒക്ടോബർ

ഡിസംബർ മാസത്തിൽ ചേർന്ന യോഗങ്ങളിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ല. ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായും ഊർജിതമായ നടപടികൾ സ്വീകരിച്ചുവെങ്കിലും നികുതി വരവ് 100% കൈവരിച്ചിട്ടില്ല. രജിസ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ച് വരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് വരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 ൽ ഒരുതവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. അസറ്റ് രജിസ്ററർ കാലികമാക്കി സൂക്ഷിച്ച് വരുന്നില്ല. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ തലത്തിലുള്ള 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 14 വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നതായും ആയതിന്റെ മിനട്സ് പരിശോധനയിൽ കാണാൻ കഴിഞ്ഞു. എന്നാൽ വിവിധ പ്രവൃത്തികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നിർവ്വഹിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തി, സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്.

## 1-11 വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനോപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തി കാണുന്നില്ല. റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗത്തിന് പഞ്ചായത്തിന് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/29-08-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| എസ് &ടി ട്രേഡേഴ്സ് | 7/601, 602 | 2 |
| ഓൺലൈൻ സർവ്വീസ് സെന്റർ | 5/253 | 2 |
| സോഡ നിർമ്മാണം | 3/56A | 5 |
| മുദ്ര എന്റർപ്രൈസസ് | 7/32,33 | 3 |
| ഫർണ്ണിച്ചർ കട | 6/410A | 6 |

| | | |
|---|---|---|
| മൽസ്യസംസ്കരണത്തിന് ആവശ്യമായ ഐസ് നിർമ്മാണം | 16/67 | 3 |
| മൽസ്യസംസ്കരണത്തിന് ആവശ്യമായ ഐസ് നിർമ്മാണം | 15/241 | 3 |
| പാറക്കാട്ട് സ്റ്റീൽസ് & അക്സസറീസ് | 7/566 | 8 |
| ഫർണ്ണിച്ചർനിർമ്മാണം,വിൽപ്പന | 7/864, 865 | 5 |
| എ എച്ച് എൻ ഹെൽത്ത് കെയർ | 18/349, 350, 351 | 2 |
| സർവ്വീസ് സ്റ്റേഷൻ | 15/543A | 2 |
| ക്രസന്റ് മെഡിക്കൽ സെന്റർ | 14/484 | 15 |
| ചിരാഗ് റസ്റ്റോറന്റ് | 5/255.255B | 4 |
| എസ് വി ട്രേഡേഴ്സ് | 5/253 | 3 |
| വിൽ ടെക് ടയർ സർവ്വീസ് | 5/483 | 3 |
| മെഡിക്കൽ ലബോറട്ടറി | 7/212(H.I.J.K) | 5 |
| സൂപ്പർ മാർക്കറ്റ് | 16/162 (A.B.C.D.E.F) | 10 |
| പോളി ക്ലിനിക്ക് | 13/45 | 3 |
| ബേക്കറി സാധനം നിർമ്മാണം വില്പന | 7/1073 | 4 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35 /തീയതി 29-08-2022) മറുപടി ലഭ്യമാക്കിയതിൽ കടകൾ പരിശോധന നടത്തി തൊഴിലാളികൾ ഉണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്യേണ്ടതാണ്. എന്നാൽ അങ്ങനെ ഒരു നടപടി സ്വീകരിച്ചതായി ഫയലിൽ ഇല്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽ നികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റും, ലൈസൻസ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ഗ്രാമ പഞ്ചായത്തിൽ വാർഡ് തലത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 527 സ്ഥാപനങ്ങളും, ലൈസൻസ് രജിസ്റ്റർ പ്രകാരം 569 സ്ഥാപനങ്ങളും ഉള്ളതായി കാണുന്നു. ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടതായി ഉറപ്പു വരുത്തേണ്ടതും, വർഷാരംഭത്തിൽ തന്നെ ഫീൽഡ് തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ലേല തുകയിൽ ഇളവ് വരുത്തിയത് -സർക്കാർ അനുമതിയില്ലാതെ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള മൽസ്യമാർക്കറ്റിൽ നിന്നും മൽസ്യം വിൽക്കുന്നതിനുള്ള അവകാശം ശ്രീ.ഫൈസൽ, മുനീറ മൻസിൽ എന്നവർക്ക് ₹185995 (₹160500 ലേലതുക + 18% GSTഉൾപ്പടെയുള്ള തുക) നൽകിയിരുന്നു. 31-3-2021 ലെ 79/21നമ്പർ തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ഇത് അംഗീകരിച്ചിട്ടുണ്ട്. ശ്രീ. ഫൈസൽ എന്നവർ ഡെപ്പോസിറ്റ് തുക ₹ 5000രൂപയും,കരാർ പ്രകാരമുള്ള തുകയുടെ ആദ്യ ഗഡുവായി ₹49560 (GST, ഉൾപ്പടെ ) റസീത് നം. 121040103279 തീയതി, 30-10-21നം, ₹108330 (GST, ഉൾപ്പടെ) രസീത് നം. 121020107839 തീയതി, 24-03-22 പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മാർക്കറ്റ് നവീകരിക്കുന്നതിന് തീരുമാനിക്കുകയും, നവീകരണം നടക്കുന്ന കാലയളവിൽ ശ്രീ. ഫൈസൽ എന്നവർക്ക് മൽസ്യം വിൽക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവാത്തതിനാൽ

ലേലതുകയിൽ ഇളവ് അനുവദിച്ച തരണമെന്ന് അപേക്ഷിച്ച കൊണ്ട് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 35/2020(2), 14-2-22 ലെ തീരുമാന പ്രകാരം കരാറുകാരന് ലേലതുകയായ 160500/- രൂപയിൽ നിന്ന് 134000/- രൂപയായി കുറവ് (26500/-) വരുത്തി പുനർ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/29-08-22)-ന് മറുപടി ലഭ്യമാക്കിയതിൽ ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് ലേലതുകയിൽ ഇളവ് നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 1998 ലെ പാട്ടക്കാർക്കും കരാറുകാർക്കും കിഴിവ് അനുവദിക്കൽ ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം പാട്ടക്കാർക്കും കരാറുകാർക്കും 10,000/- രൂപയിൽ കൂടുതൽ ഇളവ് അനുവദിക്കുന്ന സംഗതിയിൽ സർക്കാരിന്റെ അനുമതി ആവശ്യമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിധം ഇളവ് അനുവദിച്ചത് സർക്കാരിന്റെ അനുമതിയോടു കൂടിയാണോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/29.8.2022) മറുപടി ഹാജരാക്കിയതിൽ 10000/- രൂപയിൽ കൂടുതൽ വരുന്ന തുകയ്ക്ക് ഇളവ് അനുവദിച്ചതിന് സർക്കാരിൽ നിന്നുള്ള അനുമതി വാങ്ങേണ്ടതാണ്.

## 1-15 ലേലം വരവ് സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്

2021-22 വർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ചേരിക്കണ്ടി മഞ്ചയിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ശ്രീ സിയാവുദ്ദീൻ വി പി എന്നവർക്ക് 179360/- (152000/- ലേല തുക, 18% GST) രൂപയ്ക്ക് ലേലം നൽകിയിട്ടുണ്ട്. ലേലതുകയായ 152000/- യിൽ 23200/- രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ലേലം നൽകിയ ശ്രീ സിയാവുദ്ദീൻ വി പി ബാക്കിതുക ഒടുക്കാത്തതിനാൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കുന്നതിന് 31-3-22 ന് നോട്ടീസ് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/29-08-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്റ്റ് നം/പേര് | 122/22, ഹോമിയോ ഡിസ്പെൻസറി ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക,ഫണ്ടിനം | 50000 മെയിന്റനൻസ്, റോഡിതരം |
| വൗച്ചർ നമ്പർ,തീയതി,ചെലവ് തുക | 21190652004600374891 Dtd 6/9/2021 തുക 49097 |

മേൽ പ്രൊജക്റ്റ് പ്രകാരം അൽ അമീൻ സർജിക്കൽസ് ,പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 49097 രൂപയുടെ ഉപകരണങ്ങൾ ക്വട്ടേഷൻ പ്രകാരം വാങ്ങിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ലഭിച്ച ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാത്തതും വിതരണ വിവരങ്ങൾ രേഖപ്പെടുത്താത്തതും ഗുരുതരമായ കൃത്യവിലോപമാണ്.

2. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഉപരണങ്ങൾ വാങ്ങൽ എന്നിങ്ങനെ ആകെ 2 പ്രൊജക്റ്റുകൾ മാത്രമാണ് 2021-22 വർഷത്തിൽ ഹോമിയോ ഡോക്ടർ നിർവഹണം ചെയ്തിട്ടുള്ളത്. ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാതെ ഉപയോഗിക്കുന്നത് ക്രമരഹിതമാണ്. എന്നാൽ പ്രസ്തുത പ്രൊജക്റ്റുകളുടെ രേഖകൾ പോലും പ്രത്യേകം ഫയലുകളായി സൂക്ഷിച്ചിട്ടില്ല.

2019-20 മുതലുള്ള ഓഡിറ്റ് കഴിഞ്ഞ ഫയലുകൾ ഉൾപ്പെടെ ക്രമപ്പെടുത്തി കൃത്യമായി സൂക്ഷിക്കാത്ത രേഖകൾ ഓഡിറ്റിൽ എത്തിക്കുകയാണ് ചെയ്തിരിക്കുന്നത്. രേഖകൾ ക്രമമായി അടുക്കി വച്ച് ഫയൽ ചെയ്ത സൂക്ഷിക്കേണ്ടതാണ്. രേഖകൾ അവധാനതയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

## 1-17 ഹോമിയോ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ (മാടായി ഗ്രാമപഞ്ചായത്ത്) |
| പ്രോജക്റ്റ് നം/പേര് | 120/22 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക,ഫണ്ടിനം | 200000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| വൗച്ചർ നമ്പർ,തീയതി,ചെലവ് തുക | 211906520046003745 Dtd 16/9/2021 തുക 200000 |

പ്രൊജക്റ്റ് പ്രകാരം കേരള ഹോമിയോ കോ-ഓപറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും 2ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മരുന്നുകൾ സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2.ആകെ 50992 രൂപയുടെ മാത്രം മരുന്നുകൾ ലഭിച്ചിട്ടുണ്ട് ആയത് സ്റ്റോക്ക് രജിസ്ററിൽ രേഖപ്പെടുത്തി, ബില്ലിൽ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാക്കിതുകയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/23.08.2022) മറുപടിയായി മരുന്നുകൾ നാളിതുവരേയും ലഭ്യമായിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി. തുക ഒടുക്കി ഒരു വർഷമായിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതി പണം ഉപയോഗിച്ച് മരുന്ന് വാങ്ങേണ്ടിവരുന്ന സാഹചര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പ്രൊജക്ടിലെ നിർദേശം പാലിച്ചിട്ടില്ല.മെഡിക്കൽ ഉപകരണങ്ങൾ (ടെണ്ടർ കൂടാതെ)SIDCO യിൽ നിന്നും വാങ്ങി.തുക 99613 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്റ്റ് നം/പേര് | 111/22 കുടുംബ ആരോഗ്യകേന്ദ്രം ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക, | 100000 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| വൗച്ചർ നമ്പർ,തീയതി,ചെലവ് തുക | 211906520037001467952 Dtd 25/3/22 തുക 99613 |

1)മേൽ പ്രൊജക്ടിൽ നിർദേശിച്ച പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ, ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനു പകരം, SIDCO ൽ നിന്നും വാങ്ങിയിട്ടുണ്ട്. മെഡിക്കൽ ഉപകരണങ്ങൾ SIDCO ൽ നിന്നും വാങ്ങുവാനുണ്ടായ കാരണവും പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും ഉപകരണങ്ങൾ SIDCO ൽ നിന്നും വാങ്ങുന്നതിനു അംഗീകാരം നൽകിയിട്ടുണ്ടോ എന്നും അറിയിച്ചിട്ടില്ല.

2. SIDCO തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല

മേൽ അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി 7/24.08.2022) മറുപടിയായി ഹാജരാക്കിയ ഉത്തരവ് ജി.ഒ(ആർ.ടി)നം.33/2021/SPd തീയതി 22/11/21 യിൽ മരത്തിന്റെ ഫർണിച്ചറുകൾ, സ്ററീൽ ഹോസ്പിറ്റൽ ഫർണിച്ചറുകൾ എന്നിവ ടെണ്ടർ കൂടാതെ SIDCO ൽ നിന്നും വാങ്ങുന്നതിനുള്ള അനുവാദം ആണ് നൽകിയിരിക്കുന്നത്. എന്നാൽ ഇ.ടി ട്യൂബ്, ഗ്ലൂക്കോമീറ്റർ, ലാൻസെറ്റ്, ഇൻഫ്രാറെഡ് തെർമോമീറ്റർ എന്നിങ്ങനെ മെഡിക്കൽ ഉപകരണങ്ങൾ ആണ് വാങ്ങിയിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും SIDCO ൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനു അംഗീകാരം ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ

ടെണ്ടർ നടപടികൾ കൂടാതെ SIDCO-യിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയത് ശരിയായ നടപടിയല്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 99613 രൂപ തടസ്സപ്പെടുത്തുന്നു.

### 1-19 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ-അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്റ്റ് നം/പേര് | 125/22 കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ തുക, | 700000 |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| വൗച്ചർ നമ്പർ, തീയതി, ചെലവ് തുക | 21190652003701468461 Dtd 25/3/2021 തുക 473375<br>21190652003700730222 Dtd 01.12.2021<br>29/6/2021 തുക 226625 |

മേൽ പ്രൊജക്ടിനു വേണ്ടി 2 ബില്ലുകളിലുമായി ആകെ 700000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അറിയിക്കുന്നു.

ബിൽ നമ്പർ 1 – 21190652003701468461 Dtd 25/3/2021 തുക 473375 മരുന്നുകൾ വാങ്ങിയത്

മേൽ തുകയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഇൻവോയിസിൽ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കിയിട്ടുമില്ല.

സപ്ലൈകോ മെഡിക്കൽ സ്റ്റോറിന്റെ കൈപ്പറ്റ് രശീതി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ബിൽ നമ്പർ 2 – 21190652003700 Dtd 29/6/2021 തുക 226625 രൂപയുടെ മരുന്നുകൾ വാങ്ങിയത്.

മേൽ തുകയുടെ സപ്ലൈകോ മെഡിക്കൽ സ്റ്റോറിന്റെ കൈപ്പറ്റ് രശീതി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 8/24.08.2022 പ്രകാരം അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-20 പ്രാഥമിക ആരോഗ്യകേന്ദ്രം മരുന്ന് വാങ്ങൽ -അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്റ്റ് നം/പേര് | 110/22 പ്രാഥമിക ആരോഗ്യകേന്ദ്രം മരുന്ന് വാങ്ങൽ |
| അടങ്കൽ തുക, | 500000 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| വൗച്ചർ നമ്പർ, തീയതി, ചെലവ് തുക | 211906520037014686161 Dtd 25/3/2022 തുക 397902<br>21190652003700730229 1/12/21 ₹51049<br>21190652003700257816 28/7/2021 ₹51049 |

മേൽ പ്രൊജക്ട് പ്രകാരം ആകെ 500000 രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 211906520037014686161 Dtd

25/3/2022 തുക 397902

മേൽ ബിൽ പ്രകാരമുള്ള ചെലവ് ആയി കാണിച്ചിരിക്കുന്നത് ചുവടെ കാണിച്ച പ്രകാരമാണ്.

സപ്ലൈകോ ഹോൾസെയിൽ മെഡിസിൻ 163513

സപ്ലൈകോ മാവേലി സ്റ്റോർ 219537

ജെ കെ എന്റർപ്രൈസസ് 14852

ആകെ തുക 397202

1) എന്നാൽ സപ്ലൈകോ ഹോൾസെയിൽ മെഡിസിനിൽ നിന്നും വാങ്ങിയ 163513 രൂപയുടെ മരുന്നിൽ ആകെ 45178 രൂപയുടെ മരുന്നിന്റെ ഇൻവോയിസ് മാത്രമാണ് ഫയലിൽ കാണുന്നത്. ബാക്കി ആകെ 118335 രൂപയുടെ മരുന്നിന്റെ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല.

സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയ 219537 രൂപയുടെ മരുന്നിൽ 158208 രൂപയുടെ മരുന്നിന്റെ ഇൻവോയിസ് മാത്രമാണ് ഫയലിൽ കാണുന്നത് ബാക്കി ആകെ 61329 രൂപയുടെ മരുന്നിന്റെ ഇൻവോയിസ് ലഭ്യമല്ല.

2)5000രൂപയിൽ താഴെയുള്ള മരുന്നുകൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്നത് എന്നിരിക്കെ, ജെ കെ എന്റർപ്രൈസസ് എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ കൂടാതെ 14852 രൂപയുടെ മരുന്ന് വാങ്ങിയതിനുള്ള കാരണം അറിയിച്ചിട്ടില്ല.

3) മരുന്നുകൾ സംബന്ധിച്ച് ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ആയത് ഉണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

4)നിലവിൽ മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്,

മരുന്നുകൾ ലഭിച്ചിട്ടുണ്ട് എങ്കിൽ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി, ബില്ലിൽ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 9/24.08.2022 പ്രകാരം നൽകിയിരുന്നുവെങ്കിലും ഭാഗികമായ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മുഴുവൻ രേഖകളും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 കന്നുകുട്ടിപരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം/പേര് | 003/22 കന്നുകുട്ടിപരിപാലന പദ്ധതി |
| അടങ്കൽ തുക, | 600000 |
| ഫണ്ടിനം | വികസന ഫണ്ട് 150000<br>ഗുണഭോക്തൃ വിഹിതം 300000<br>സംസ്ഥാന വിഹിതം 150000 |
| വൗച്ചർ നമ്പർ,തീയതി,ചെലവ് തുക | 2119065200656888 തീയതി 15/11/2021 തുക 150000 |

മാടായി ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം ചെയ്ത മേൽ പ്രൊജക്ട് പ്രകാരം മാടായി ഗ്രാമപഞ്ചായത്തിലെ 24 കർഷകരുടെ 24 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകാനായി മേൽ വൗച്ചർ പ്രകാരം തുക 150000 രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18-25/8/2022) പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുമെന്നാണ് മറുപടി ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-22 നെൽകൃഷിക്ക് വിത്തും കൂലിചെലവും-ഗുണഭോക്തൃ ലിസ്ററിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം വിതരണം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 51/22 നെൽകൃഷിക്ക് വിത്തും കൂലിചെലവും |
| അടങ്കൽ തുക, ഫണ്ടിനം | അടങ്കൽ തുക894800<br>വികസന ഫണ്ട് 372800<br>ജില്ലാ പഞ്ചായത്ത് വിഹിതം 272000<br>ഗുണഭോക്തൃ വിഹിതം 250000 |
| വൗച്ചർ നമ്പർ, തീയതി, ചെലവ് തുക | 21190652005100245725 Dtd<br>27/7/2021 തുക 100800<br>2119065200510052484<br>16/10/21 272000<br>ജില്ല പഞ്ചായത്ത് വിഹിതം 24/3/22 272000 |

നെൽകൃഷി ചെയ്യാനുള്ള വിത്തും ആയതിനുള്ള കൂലിചെലവും നൽകാനുദ്ദേശിച്ച് കൊണ്ടുള്ളതാണ് മേൽ പ്രോജക്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ അന്തിമ ഗുണഭോക്തൃപട്ടിക പ്രകാരം നെൽകൃഷിക്ക് വിത്തും കൂലിചെലവും എന്ന പദ്ധതിക്കുവേണ്ടി ആകെ 44 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

2.നെൽകൃഷിയ്ക്ക് 2400 Kg വിത്ത് റെയിഡ്കോവിൽ നിന്നും വാങ്ങിച്ച്, 104 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

എന്നാൽ കൂലി ചെലവ് 121 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നു. കൂലി ചെലവ് അധികമായി 17 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.
3. കർഷകർ മുൻകൂറായി വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/27-8-22) മറുപടിയായി സാധാരണയായി ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്ററ് പ്രസിദ്ധീകരിച്ചതിനു ശേഷം കൃഷി ഭവൻ തലത്തിൽ തയ്യാറാക്കുന്ന അഡീഷണൽ ലിസ്റ്റ് പഞ്ചായത്ത് സെക്രട്ടറിയെ കൊണ്ട് അംഗീകരിച്ച് വാങ്ങുകയാണ് ചെയ്യുന്നത് എന്ന് മറുപടി നല്കിയിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല. ഏതൊരു പദ്ധതിയുടെയും ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് ഗ്രാമ സഭയിൽ നിന്നുമാണ്. കൂടാതെ മേൽ ഗുണഭോക്താക്കളെ അംഗീകരിക്കേണ്ടത് ഭരണസമിതിയുമാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും തുക വിതരണം ചെയ്യുന്നതിലും സുതാര്യത പാലിക്കേണ്ടതാണ്.

## 1-23 തുക നല്കി,ആറുമാസത്തിലധികം കഴിഞ്ഞിട്ടും ലേസർ പ്രിന്റർ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 06/22 – കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വിതരണം |
| അടങ്കൽ തുക, ഫണ്ടിനം | 198962 – വികസന ഫണ്ട് ജനറൽ |
| വൗച്ചർ നമ്പർ, തീയതി, ചെലവ് തുക | 201190652005100983968 തീയതി 20-1-2022 തുക 12953 |

കൃഷിഭവനിലേയ്ക്ക് കമ്പ്യൂട്ടർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുവാനായി ആകെ 198962 രൂപ കേരള സ്റ്റേറ്റ് ഐടി മിഷന് നല്കിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അറിയിക്കുന്നു.

കൃഷിഭവനിലേയ്ക്ക് 1 ലേസർ പ്രിന്റർ വാങ്ങുവാനായി ആകെ 12953 രൂപ മേൽ ബിൽ പ്രകാരം കേരള സ്റ്റേറ്റ് ഐടി മിഷന് നല്കിയിട്ടുണ്ട്. എന്നാൽ ലേസർ പ്രിന്റർ സപ്ലൈ ചെയ്തിട്ടുണ്ടോ എന്ന വിവരം അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19-25/8/22) മറുപടിയായി, കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ ലേസർ പ്രിന്റർ ഉടൻ സപ്ലൈ

ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2022 ജനുവരി മാസം തുക നല്കി, ആറുമാസത്തിലധികം കഴിഞ്ഞിട്ടും ലേസർ പ്രിന്റർ ലഭ്യമായിട്ടില്ല എന്ന വിവരം കൃഷി ജീവനക്കാരും ശ്രദ്ധിച്ചിട്ടില്ലായിരുന്നു. പദ്ധതി പണം കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. ലേസർ പ്രിന്റർ ഉടൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും ആയത് സ്റ്റോക്കിലെടുത്ത് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 1-24 മുൻകൂർ ഇനത്തിൽ ADSന് നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് നമ്പർ/പേര് | 76/222 ആശ്രയഭവന പുനരുദ്ധാരണം |
| അടങ്കൽ തുക,ഫണ്ടിനം | 100000 - വികസന ഫണ്ട് (ജനറൽ) |
| വൗച്ചർ നമ്പർ, തീയതി, ചെലവ് തുക | 2119065200490117 8363 Dtd 2/2/2022 ₹50000 |

ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

മേൽ ബിൽ പ്രകാരം പിൻവലിച്ച തുക മുൻകൂർ ഇനത്തിൽ 20 ◌ാം വാർഡിലെ ADSനൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവായ മാടായി ഗ്രാമപഞ്ചായത്തിലെ പാനക്കാരത്തി നളിനിയുടെ വീട് റിപയർ ചെയ്തതിന്റെ വാല്യേഷൻ റിപോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി തുക ക്രമീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പ്രവൃത്തി തൻവർഷം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ 2022-23 വർഷത്തേയ്ക്ക് സ്പിൽ ഓവറായി നടത്തുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ആശ്രയ ഗുണഭോക്താവിന് കേവലം ഒരു ലക്ഷം മാത്രം ചെലവ് വരുന്ന അറ്റകുറ്റ പണികളുടെ പ്രവൃത്തി, കാലതാമസം വരുത്താതെ പൂർത്തീകരിക്കുവാൻ സാധിക്കാത്തത് ശരിയല്ല. ഇക്കാര്യത്തിലുള്ള തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 അമൃതം ന്യൂട്രിമിക്സ്- ഗുണനിലവാര പരിശോധന നടത്തേണ്ടതാണ്

മാടായി ഗ്രാമപഞ്ചായത്തിൽ ആകെ 31 അംഗൻവാടികളുണ്ട്. ആയതിൽ 14 അംഗൻവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 2021-22 വർഷത്തിൽ മുഴുവൻ അംഗൻവാടികൾക്കും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിച്ചുണ്ടെന്നും, ജലജീവൻ മിഷന്റെ കുടിവെള്ള പദ്ധതി പ്രകാരം മുഴുവൻ അംഗൻവാടികൾക്കും കുടിവെള്ളം ലഭിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (1/21.08.2022) മറുപടിയായി നിർവഹണ ഉദ്യോഗസ്ഥയായ ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

എന്നാൽ കുടുംബശ്രീ സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം 2021-2022 വർഷം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിക്കുകയുണ്ടായി. 8.2.2022-ലെ ICDS-B3-8415/20 പരിപത്രം പ്രകാരം കണ്ണൂർ ജില്ലയിൽ ഉൽപാദിപ്പിക്കുകയും അംഗൻവാടികളിൽ വിതരണം ചെയ്യുന്നതുമായ അമൃതം ന്യൂട്രിമിക്സ് ന്റെ ലാബ് ടെസ്റ്റ് കോഴിക്കോടുള്ള റീജണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ നടത്തേണ്ടതാണ്. ന്യൂട്രിമിക്സ് സാമ്പിളുകൾ എല്ലാ യൂണിറ്റിൽ നിന്നും കൃത്യമായി കളക്ട് ചെയ്യേണ്ടത് ശിശുവികസന പദ്ധതി ഓഫീസർമാരുടെ ഉത്തരവാദിത്തമാണ്. ഏറ്റവും ചെറിയ കുട്ടികൾക്കു നൽകുന്ന അമൃതം ന്യൂട്രിമിക്സ് ആവശ്യമായ ഗുണനിലവാര പരിശോധന നടത്തി മായം ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 വിവിധ കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനു വേണ്ടി കുഴിച്ച പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനം -നടപടികൾ സ്വീകരിക്കേണ്ടതാണ്

ജലജീവൻ മിഷൻ മുഖേന നടത്തിയ കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനു വേണ്ടി കുഴിക്കുകയും പിന്നീട് പുനഃസ്ഥാപിക്കാത്തതുമായ റോഡുകളുടെ ശോചനീയവസ്ഥ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചിപ്പിച്ച സാഹചര്യത്തിൽ മാടായി ഗ്രാമ പഞ്ചായത്തിൽ നാളിതുവരേയും ജലജീവൻ മിഷൻ മുഖേന നടത്തിയ കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനു വേണ്ടി കുഴിക്കുകയും പിന്നീട് പുനർ നിർമാണം നടത്താത്തതുമായ പഞ്ചായത്ത് റോഡുകളുടെ നാളിതുവരേയുള്ള വർഷം തിരിച്ചുള്ള വിവരവും കുഴി എടുക്കുവാൻ പഞ്ചായത്ത് അനുമതി നൽകിയ അളവും യഥാർത്ഥത്തിൽ എടുത്ത കുഴികളുടെ അളവും ഓവർസിയർ സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/25.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിവിധ പദ്ധതികളുടെ നിർവഹണത്തിനു വേണ്ടി കുഴിക്കുകയും പിന്നീട് പുനർ നിർമാണം നടത്താത്തതുമായ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.03.2019 തീയതിയിലെ സി.ഇ/ആർ&ബി/ജിഎൽ-ആർസി/2/2019 നമ്പർ സർക്കുലർ പ്രകാരം റോഡിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴിയുടെ വീതിയുടെ ഒന്നര മടങ്ങ് വീതിയുടെ അടിസ്ഥാനത്തിൽ റോഡ് പുനഃസ്ഥാപിക്കൽ ഫീ കണക്കാക്കി ഈടാക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ വിവിധ കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിനു വേണ്ടി കുഴിച്ച പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും സർക്കാർ ഉത്തരവ് പാലിക്കേണ്ടതും പൊതുജനങ്ങളുടെ ഗതാഗത സൗകര്യങ്ങൾക്ക് കോട്ടം വരാത്ത വിധത്തിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 170 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളുടെ പരിപാലനവും സംരംക്ഷണവും ശരിയായ രീതിയിൽ നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ക്ഷാമബത്ത കുടിശ്ശിക – രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹ 322971 തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ, തീയതി, തുക 22100214 /29-06-2021 ₹ 896064

വൗച്ചർ നമ്പർ, തീയതി, തുക 22100215/29-06-2021 ₹ 189160

(1) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. ജീവനക്കാർ മാടായി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടുത്തിയാണ് കുടിശ്ശിക അനുവദിച്ചത്. ജീവനക്കാർ മുന്നേ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത് വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് തസ്തിക | മാടായി ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | ശിവദാസൻ കെ, അസി. സെക്രട്ടറി | 15-06-2020 | 115625 | 01-01-2019 മുതൽ 14-07-2020 വരെ ജോലി ചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 2 | ജുനൈബ് സി എച്ച്, സീനിയർ ക്ലാർക്ക് | 10-03-2020 | 87123 | 01-01-2019 മുതൽ 09-03-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 3 | ഹരീഷ് കുഞ്ഞിപ്പുരയിൽ, സീനിയർ ക്ലാർക്ക് | 30-07-2020 | 78717 | 01-01-2019മുതൽ 29-07-2020വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന |

| | | | | |
|---|---|---|---|---|
| | | | | സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 4 | ഷാന ടി കെ, ക്ലാർക്ക് | 27-07-2020 | 41506 | 01-01-2019മുതൽ 26-07-2020വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| | | ആകെ | 322971 | |

രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/29.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക ₹ 322971 തടസ്സപ്പെടുത്തുന്നു.

## 1-28 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.

മാടായി ഗ്രാമപഞ്ചായത്തിലെ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സർക്കാരിൽ നിന്നുള്ള 14.01.2020-ലെ AC-1/125 /2019/തസ്വഭവ സർക്കുലർ പ്രകാരം പഞ്ചായത്ത് തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് അനുമതി നൽകി 7-12-21 ലെ ഭരണസമിതി യോഗം തീരുമാനമെടുത്തിട്ടുണ്ട് (223/21 നമ്പർ തീരുമാനം). ആയതിന്റെ തുടർ നടപടി വിവരങ്ങളും നിലവിലെ സ്ഥിതിയും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/27.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കാലഹരണപ്പെട്ട മുഴുവൻ ഡെപ്പോസിറ്റുകളും പഞ്ചായത്ത് തനതു ഫണ്ടിലേക്ക് മുതൽ കൂട്ടി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ബഡ്സ് സ്കൂൾ ബിൽഡിംഗ് നിർമ്മാണം -ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരിച്ചടച്ചിട്ടില്ല.

2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ബഡ്സ് സ്കൂൾ ബിൽഡിംഗ് നിർമ്മാണം, 65/12-13 എന്ന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹ 200000 യിൽ ₹191939 ചെലവഴിച്ചിരുന്നു. എ സി ആർ പ്രകാരവും ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരവും ബാക്കിയുള്ള ₹8061തിരിച്ചടക്കാൻ 7-12-21 ലെ 223/21 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി അനുമതി നൽകിയിരുന്നുവെങ്കിലും തുക ഓഡിറ്റ് വർഷം തിരിച്ചൊടുക്കിയിട്ടില്ല. ആയതിന് വിശദീകരണവും ഇതിനോടകം തുക തിരിച്ചൊടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/27.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 പുതിയങ്ങാടി ബസ് സ്റ്റാന്റ്- പ്രവൃത്തി തുടങ്ങി 19 വർഷങ്ങൾ കഴിഞ്ഞിട്ടും തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല.

വിവിധ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി 2003-04ൽ പ്രവൃത്തി ആരംഭിച്ച പുതിയങ്ങാടി ബസ് സ്റ്റാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 131/21തീയതി 25-6-21, 181/2021തീയതി 6-10-21 പ്രകാരം പഞ്ചായത്ത് ഭരണ സമിതി മീറ്റിംഗുകളിൽ തീരുമാനമെടുത്തിരുന്നു. ആയതിന്റെ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങളും ബസ് സ്റ്റാന്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/27.08.2022) ബസ്സ്റ്റാന്റിന് നിലവിൽ ആർ ടി ഒ അനുമതി തരാത്തതിന് കാരണം പ്രവേശനമാർഗ്ഗവും ബഹിർഗമനമാർഗ്ഗവും പ്രത്യേകം പ്രത്യേകം ഇല്ലാത്തതിനാലാണ് എന്നും പ്രവേശനത്തിനുള്ള റോഡ് നിലവിൽ പഞ്ചായത്തിന് കൈമാറിയിട്ടില്ല എന്നും ഇത് സംബന്ധിച്ച് ആർ ടി ഒ ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തീരുമാനം ലഭിച്ചിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കൃത്യമായ ആസൂത്രണവും ദീർഘ വീക്ഷണവും ഇല്ലാതെ നിർമ്മിച്ചതിനാൽ ബസ്സ്റ്റാന്റ് ഉപയോഗിക്കുവാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആർ ടി ഒ യുമായി ബന്ധപ്പെട്ട് ബസ്സ്റ്റാന്റ് തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 11/22, ഐ കെ എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹ 107698 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 107698, ബിൽ നമ്പർ 23/21-22, 20-9-21 |

ഐ കെ എം ന് വിഹിതം കൈമാറുന്നതിനായി മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹107698 പിൻവലിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57047023512, എസ് ബി ഐ) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷനിൽ നിന്നുള്ള തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 പൊതു ടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങളും പൊതു ടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 15/22, കുടിവെള്ളക്കരം അടക്കൽ. |
| അടങ്കൽ | ₹1000000 (സംരക്ഷണ ഗ്രാന്റ്, റോഡിതരം) |
| ചെലവ് | ₹ 893112 |
| തുക, ബിൽ നമ്പർ, തീയതി | ₹ 74426, 2/21-22, 30-04-22<br>₹ 74426, 5/21-22, 31-5-21<br>₹ 74426, 7/21-22, 30-6-21<br>₹ 74426, 12/21-22, 10-8-21<br>₹ 74426, 17/21-22, 26-8-21<br>₹ 74426, 24/21-22, 20-9-21<br>₹ 74426, 28/21-22, 23-10-21<br>₹ 74426, 30/21-22, 23-10-21<br>₹ 74426, 34/21-22, 29-12-21<br>₹ 74426, 40/21-22, 28-1-22<br>₹ 74426, 43/21-22, 19-2-22<br>₹ 74426, 46/21-22, 23-3-22 |

മാടായി ഗ്രാമ പഞ്ചായത്തിലെ പൊതുടാപ്പുകളിൽ കൂടി 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ചാർജ്ജ് കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കുന്നതിന് രൂപീകരിച്ചതാണ് മേൽ പ്രൊജക്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് ആകെ 162 ടാപ്പുകൾക്ക് 12മാസത്തേക്ക് പ്രതിമാസം ₹ 74426 നിരക്കിൽ ₹893112 മേൽ ബില്ലുകൾ പ്രകാരം ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള പൊതു ടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ കരമൊടുക്കുന്നുള്ളു എന്നുറപ്പു വരുത്താനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങളും നിലവിൽ എത്ര ടാപ്പുകൾക്ക് കരമൊടുക്കുന്നുണ്ട് എന്ന വിവരവും ബന്ധപ്പെട്ട രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/27.08.2022) പൊതുടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ല എന്നും നിരവധി തവണ കത്ത് നൽകിയെങ്കിലും സംയുക്ത പരിശോധന നടത്താൻ കേരള വാട്ടർ അതോറിറ്റി നാളിതുവരെയായി തയ്യാറായിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. പഞ്ചായത്തിൽ നിലവിലുള്ള പൊതു ടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ കരമൊടുക്കുന്നുള്ളൂ എന്നുറപ്പു വരുത്താനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-33 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു

ജി.ഒ.(പി) 152/2020/ധന, തീയതി 05-11-2020 ഉത്തരവിൽ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം

01-06-2021മുതൽ മാത്രമേ പണമായി അനുവദിക്കുകയുള്ളൂവെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി) 104/2021/ധന, തീയതി 26-07-2021 പ്രകാരം 01-06-2021 മുതൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ഈ ഉത്തരവ് പരിഗണിക്കാതെ താഴെപ്പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര് | വൗച്ചർ നമ്പർ, തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ശിവദാസൻ കെ, അസി.സെക്രട്ടറി | 22100156, 01-06-21 | 65823 |
| 2 | ഷൈജ കെ, അക്കൗണ്ടന്റ് | 22100156, 01-06-21 | 55722 |
| 3 | ജൂനൈബ് സി എച്ച്, സീനിയർ ക്ലാർക്ക് | 22100156, 01-06-21 | 49395 |
| 4 | ഹരീഷ് കുഞ്ഞിപ്പുരയിൽ, സീനിയർ ക്ലാർക്ക് | 22100156, 01-06-21 | 44733 |
| 5 | അജിത് കുമാർ കെ ജി, സീനിയർ ക്ലാർക്ക് | 22100156, 01-06-21 | 48174 |
| 6 | ഉമേശൻ കല്ലേൻ, ക്ലാർക്ക് | 22100156, 01-06-21 | 34521 |
| 7 | ജാസിർ ബീമാൻ, ക്ലാർക്ക് | 22100156, 01-06-21 | 32765 |
| 8 | രഞ്ജിത്ത് സി, ക്ലാർക്ക് | 22100156, 01-06-21 | 35520 |
| 9 | ഷാന എഫ്.കെ, ക്ലാർക്ക് | 22100156, 01-06-21 | 38517 |
| 10 | രചന എൻ കെ, ക്ലാർക്ക് | 22100156, 01-06-21 | 20202 |
| 11 | പ്രകാശൻ പിപി, പാർട്ട് ടൈം ഓഫീസ് സ്വീപ്പർ | 22100157, 01-06-21 | 9732 |
| 12 | മുഹമ്മദ് ഷെറീഫ് എം എ, ഓഫീസ് അറ്റന്റന്റ് | 22100156, 01-06-21 | 38517 |
| 13 | ശ്രീനിവാസൻ ടി പി, പാർട്ട് ടൈം പൗണ്ട് കീപ്പർ | 22100157, 01-06-21 | 6795 |

സർക്കാർ ഉത്തരവിന് അനുസൃതമല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/29.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആർജ്ജിതാവധി സറണ്ടർ ചെയ്യുത് സംബന്ധിച്ച് സർക്കാരിന്റെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-34 ഐ എ വൈ ഗുണഭോക്താവിനെ MIS ൽ നിന്ന് ഒഴിവാക്കുന്നതിനും റവന്യൂ റിക്കവറി നടത്തുന്നതി നുമുള്ള തീരുമാനം -നിജസ്ഥിതി അറിയിക്കേണ്ടതാണ്

മാടായി ഗ്രാമ പഞ്ചായത്ത് XVI -ാം വാർഡിലെ ഐ എ വൈ ഗുണഭോക്താവായിരുന്ന റസിയ ജലീൽ, W/O അബ്ദുൾ ജലീൽ, മച്ചാനിക്കൽ, ഇട്ടുമ്മൽ എന്നവരെ പുതിയങ്ങാടി സർക്കിൾ വി ഇ ഒയുടെ ശുപാർശ അംഗീകരിച്ച് MIS ൽ നിന്ന് ഒഴിവാക്കുന്നതിനും റവന്യൂ റിക്കവറി നടത്തുന്നതിനും കല്ല്യാശ്ശേരി ബി ഡി ഒ യോട് ആവശ്യപ്പെടാൻ 14-2-22 ലെ ഭരണ സമിതി യോഗത്തിൽ തീരുമാനമെടുത്തിരുന്നു (തീരുമാനം നമ്പർ 42/22(15). ആയതിന്റെ പുരോഗതി വിവരവും നിലവിലെ സ്ഥിതിയും അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (25/27.08.2022) ടിയാരി മൈഗ്രേറ്റഡ് ആയതിനാൽ MIS ൽ നിന്ന് ഒഴിവാക്കുന്നതിന് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 5-4-2022 ലെ 3/3 തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിച്ച വരുന്നുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ആയതിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-35 എസ്.എസ്.എ. വിഹിതം നൽകിയത്- ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 550000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 12/22, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹ 5,50,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 550000, 11/21-22, തീയതി 10-08-2021 |

2021-22 വർഷം മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എസ്.എസ്.കെ. കണ്ണൂർ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 799001270001800 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ₹5,50,000 പിൻവലിച്ച് വിഹിതം നൽകിയിരുന്നു. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 10-06-2021 ലെ എ/ എൽ എസ് ജി/21/SSK നമ്പർ കത്തിൽ മുൻവർഷ കുടിശ്ശികയടക്കം ഒടുക്കേണ്ട തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22 വർഷത്തെ പഞ്ചായത്തിന്റെ ഷെയർ കണക്കാക്കുന്നതിന് പരിഗണിച്ച ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 2021-22 വർഷത്തെ ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള പദ്ധതിയുടെ വിശദമായ ചെലവ് വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തേക്ക് എസ്. എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം നൽകാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/25-08-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണങ്ങളുടെ അഭാവത്തിൽ ചെലവുതുക ₹ 550000 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകൾ ലഭ്യമാക്കിയില്ല. ₹ 400000 തടസ്സപ്പെടുത്തുന്നു,

മാടായി ഗ്രാമ പഞ്ചായത്തിലെ വാർഡ്തല സാനിറ്റേഷൻ പ്രവർത്തനങ്ങൾക്ക് ശുചിത്വ മിഷൻ വിഹിതമായി 2020-21 വർഷം ലഭിച്ച തുക വാർഡ് ഒന്നിന് ₹ 10000 രൂപ വീതം ₹ 200000 വൗച്ചർ നമ്പർ 22100055, തീയതി 23-4-21പ്രകാരവും (16-4-21ലെ 89/21-ാം നമ്പർ പഞ്ചായത്ത് തീരുമാനം) 2021-22 വർഷം ലഭിച്ച ₹ 200000 വൗച്ചർ നമ്പർ 22100907, തീയതി 8-2-22 പ്രകാരവും മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യഥാർത്ഥ ചെലവ് കാണിക്കുന്ന വൗച്ചർ/ഇൻവോയ്സുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക ₹ 400000 തടസ്സപ്പെടുത്തുന്നു, ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ടെണ്ടർ ഫീസ് തുക പഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് LSGD വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ടെണ്ടർ ഫീസ് തുക പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ആയതിന് അസി.എഞ്ചിനീയറുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് ഉടങ്ങേണ്ടതുമാണ്. മാടായി ഗ്രാമപഞ്ചായത്തിന് 2015-16 വർഷം മുതൽ 2022-23 വർഷം വരെ ഈ ഇനത്തിൽ ആകെ 265031 രൂപ ലഭിക്കാനുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ -12 തീയതീ 25.8.22 ന് നൽകിയ മറുപടി) തുകയുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2015-16 | 34755 |
| 2 | 2016-17 | 17270 |
| 3 | 2017-18 | 46810 |
| 4 | 2018-19 | 30930<br>11200 |
| 5 | 2019-20 | 21049 |

| | | |
|---|---|---|
| 6 | 2020-21 | 48235 |
| 7 | 2021-22 | 42262 |
| 8 | 2022-23 | 12520 |
| | ആകെ | 265031 |

തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2021-22 | 27/8/2022&28/8/2022 | കെ.എസ്.എ./കെ.എൻ.ആർ /സി.2/1292/2022 തീയതി: 19.11.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| സ്ഥാപനം | പ്രൊജക്ടിന്റെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 63/22 സുഭിക്ഷകേരളം തരിശ്ശ നെൽകൃഷി | 0 | 40000 | 40000 | 0 |
| “ | 64/22 തരിശ്ശ പച്ചക്കറികൃഷി | 0 | 40000 | 40000 | 0 |
| “ | 51/22 നെൽകൃഷി വിത്തും കൂലിചെലവും | 0 | 272000 | 272000 | 0 |
| “ | 172/22 മത്സ്യബന്ധനം പടുതാക്കുളം | 0 | 31174 | 31174 | 0 |
| “ | 97/22 വീട്ടുവളപ്പിൽ മത്സ്യകൃഷി | 0 | 32800 | 32800 | 0 |
| “ | 170/22 ഭിന്നശേഷി വിദ്യാർത്ഥികളുടെ സ്കോളർ ഷിപ്പ് | 0 | 577400 | 577400 | 0 |
| “ | 9/22ഭിന്നശേഷി വിദ്യാർത്ഥികളുടെ സ്കോളർ ഷിപ്പ് | 0 | 715625 | 715625 | 0 |

| | | | | | |
|---|---|---|---|---|---|
| " | 66/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 17000 | 17000 | 0 |
| " | ആകെ തുക | 0 | 1725999 | 1725999 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 66/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 0 | 150000 | 150000 | ० |
| " | 9/22 ഭിന്നശേഷി വിദ്യാർത്ഥികളുടെ സ്കോളർ ഷിപ്പ് | 0 | 11125000 | 1125000 | 0 |
| " | ആകെ തുക | | 11275000 | 11275000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

കണ്ണൂർ കോ. ഓപ്പ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ ഷെയർ 15000/- രൂപ ഉണ്ട്. സർട്ടിഫിക്കറ്റ് നമ്പർ 2 തീയതി 16.06.2015 ഷെയർ നമ്പർ 123D

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2021-22 വർഷം ലഭിച്ച തുകയുടെ വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയതി |
|---|---|---|---|---|
| 2013-14,2014-15 | 2-1,13 | 250 | എൻ. മണി.വാച്ച്മേൻ | 121020103190 |
| 2015-16 | 2-1(4) | 180 | അഖിൽ സി.പ്യൂൺ | 121020104196 |
| 2013-14,2014-15 | 2-1,1(3) | 800 | മാനേജർ പഞ്ചാബ് നാഷണൽ ബാങ്ക് | 121020500033 |
| 2019-20 | 1-31 | 14370 | മുഹമ്മദ് റാഫി.എം കോൺട്രാക്ടർ | 121020108058 |
| 2020-21 | 1-36 | 3278 | മുഹമ്മദ് റാഫി.എം കോൺട്രാക്ടർ | 121020108057 |
| | ആകെ | 18878 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|---|
| 2016-17 | 2.1 | 2013-14 2014-15 | 2-1(l) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |

| | | |
|---|---|---|
| | 2.1(II) | തൊഴിൽ നികുതി അടക്കുന്ന കച്ചവടക്കാരുടെ എണ്ണം കുറവ് |
| | 2.1(III) | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടക്കാത്തത് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 94105094 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 80671605 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1372584 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 99613 | ഡോ.സമീർ,മെഡിക്കൽ ഓഫീസർ ,മാടായി ഗ്രാമ പഞ്ചായത്ത് |
| 1-27 | 322971 | ശ്രീ.ഷംസുദ്ദീൻ.കെ.ബി,സെക്രട്ടറി,മാടായി ഗ്രാമ പഞ്ചായത്ത് |
| 1-35 | 550000 | ശ്രീ.ഷംസുദ്ദീൻ.കെ.ബി,സെക്രട്ടറി,മാടായി ഗ്രാമ പഞ്ചായത്ത് |
| 1-36 | 400000 | ശ്രീ.ഷംസുദ്ദീൻ.കെ.ബി,സെക്രട്ടറി,മാടായി ഗ്രാമ പഞ്ചായത്ത് |
| ആകെ തുക | 1372584 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സമീർ,മെഡിക്കൽ ഓഫീസർ ,മാടായി ഗ്രാമ പഞ്ചായത്ത് | മെഡിക്കൽ ഓഫീസർ ,മുട്ടം പി എച്ച് സി | സ്മിത കീളർ.പി.ഒ മേലടി വഴി കോഴിക്കോട് |

| | | |
|---|---|---|
| | | 673522 |
| ശ്രീ.ഷംസുദ്ദീൻ.കെ.ബി,സെക്രട്ടറി,മാടായി ഗ്രാമ പഞ്ചായത്ത് | റിട്ട.സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത് | നാഷാംസ്, താണ.പി.ഒ കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 2 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 4 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 2 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 4 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 1 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 7 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 7 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 18 |
| 2019-20 | കെ എസ് എ/കെ എൻ ആർ/ സി2-1454/2019 തീയതി:17.10.19 | 26 |
| 2020-21 | കെ എസ് എ/കെ എൻ ആർ/ സി2-765/2021 തീയതി:18.8.21 | 24 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Madayi Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12036886.61 |
| Cash | Cash | RP-40(a) | 134630.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1914130.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 334.00 |
| 140000000 | Fees & User Charges | RP-4 | 716641.00 |
| 150000000 | Sale & Hire Charges | RP-5 | 368405.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59385183.00 |
| 171000000 | Interest Earned | RP-9 | 367881.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20209486.00 |
| 350000000 | Other Liabilities | RP-36 | 1573350.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 500.00 |
| 311000000 | Earmarked Funds | RP-29 | 19781.00 |
| 340000000 | Deposits Received | RP-34 | 191389.00 |
| 350000000 | Other Liabilities | RP-36 | 367194.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 8990820.00 |
| | Grand total | | 106276610.61 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3695236.00 |
| 220000000 | Administrative Expenses | RP-12 | 1453457.00 |
| 230000000 | Operations & Maintenance | RP-13 | 1576383.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5622860.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29039587.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3319539.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1057616.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1391905.00 |
| 255000000 | Maintenance Projects | RP-20 | 5556669.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 7500.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 56000.00 |
| 280000000 | Prior Period item | RP-26 | -95685.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 677843.00 |
| 350000000 | Other Liabilities | RP-36 | 10862148.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1475.00 |
| 340000000 | Deposits Received | RP-34 | 56886.00 |
| 350000000 | Other Liabilities | RP-36 | 4542911.00 |
| 410000000 | Fixed Assets | RP-38 | 5741198.00 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 187590.00 |
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 2545395.00 |
| 460000000 | Loans, Advances and Deposits | RP-47 | 3375092.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25469774.61 |
| Cash | Cash | RP-40(b) | 135231.00 |
| | Grand Total | | 106276610.61 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Madayi Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6102856.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 334.00 |
| 140000000 | Fee & User Charges | I-4(b) | 1106066.00 |
| 150000000 | Sale & Hire Charges | I-5(b) | 571905.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 155356029.00 |
| 171000000 | Interest Earned | I-8 | 367881.00 |
| 180000000 | Other Income | I-9 | 53256.00 |
| | Total Income | | 163558327.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15592938.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 1717055.00 |
| 230000000 | Operations & Maintenance | I-12(b) | 1590566.00 |
| 240000000 | Interest & Finance Charges | I-13 | 1475.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8356439.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48367540.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3319539.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1486419.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 64324805.00 |
| 255000000 | Maintenance Projects | I-14(e) | 5556669.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 7500.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 56000.00 |
| 270000000 | Provisions and Write off | I-16 | 14751.00 |
| 272000000 | Depreciation | I-17(a) | 6548666.00 |
| | Total Expenditure | | 156940362.00 |
| | Gross Surplus/ Deficit of income over Expenditure | | 6617965.00 |
| 280000000 | Prior Period Item | I-18 | -951123.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7569088.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Madayi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 33187011.67 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 23845.00 |
| 312000000 | Reserves | B-3 | 49001655.00 |
| | Total Reserve & Surplus | | 82212511.67 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13354655.84 |
| | Total Grants, Contributions for Specific Purposes | | 13354655.84 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 201339.00 |
| 350000000 | Other Liabilities | B-9 | 2718135.10 |
| | Total Current Liabilities and Provisions | | 2919474.10 |
| | TOTAL LIABILITIES | | 98486641.61 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 93274480.00 |
| 411000000 | Accumulated Depreciation | B-11 | -28263860.00 |
| 412000000 | Capital Work in Progress | B-11(a) | 187590.00 |
| | Total Fixed Assets | | 65198210.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 15000.00 |
| | Total Investments | | 15000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 2739653.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 25605005.61 |
| 460000000 | Loans, Advances and Deposits | B-18 | 4928773.00 |

| | |
|---|---|
| Total Current Assets, Loans and Advances | 33273431.61 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 98486641.61 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.